നം. ഇ5 - 38799/12

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 04.12.2012.

## പരിപത്രം

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - സ്ഥലംമാറ്റം - ജീവനക്കാരെ വിടുതൽ ചെയ്യുന്നത് - സംബന്ധിച്ച്:

സൂചന :-

സാമൂഹ്യ നീതി വകുപ്പിന് കീഴിലെ ജീവനക്കാരുടെ സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ സ്ഥലംമാറ്റപ്പെട്ട ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണെന്ന് പ്രസ്തുത ഉത്തരവുകളിൽ നിർദ്ദേശിക്കാറുണ്ട്. എന്നാൽ ചില കാര്യാലയ മേധാവികൾ പ്രസ്തുത നിർദ്ദേശം പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്ഥലംമാറ്റം ലഭ്യമാകുന്ന ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. സാമൂഹ്യ നീതി ഡയറക്ടറുടെ നിർദ്ദേശ പ്രകാരമല്ലാതെ ജീവനക്കാരെ വിടുതൽ ചെയ്യാതിരിക്കുന്നത് ബന്ധപ്പെട്ട കാര്യാലയ മേധാവിയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി കാണുന്നതും ടി ജീവനക്കാർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നും അറിയിക്കുന്നു.

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

എല്ലാ കാര്യാലയ മേധാവികൾക്കും.